ജോലിക്ക് കൂലി ഭക്ഷണം എന്ന പദ്ധതി

32 [708] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, പി. ജയരാജൻ:
,, ടി. പി. രാമകൃഷ്ണൻ:
,, കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജോലിക്ക് കൂലി ഭക്ഷണം പദ്ധതിയുടെ പ്രയോജനം അർഹിക്കുന്നവർക്ക് ലഭിച്ചിട്ടില്ല എന്നും പദ്ധതി നടപ്പാക്കിയതിൽ അഴിമതി നടന്നിട്ടുണ്ടെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജോലിക്ക് കൂലി ഭക്ഷണം എന്ന പദ്ധതിക്കായി അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ കരാറുകാർ മറിച്ച് വിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്കായി അലോട്ട് ചെയ്യുന്ന അരി അവർക്ക് ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; നിയമ സഹായ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാദ്ധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് ആന്റ് മോണ്ടറിംഗ് കമ്മിറ്റി ചെയർമാൻ കത്ത് നൽകുകയുണ്ടായി. ഇതിനെ തുടർന്ന് ഗ്രാമവികസന വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറി അന്വേഷണം നടത്തുകയും, ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ടൂറിസം വികസനത്തിന് ആവിഷ്ക്കരിച്ച പദ്ധതികൾ

33 [709] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയുടെ വിപുലീകരണത്തിന് സർക്കാർ എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ടൂറിസം വികസിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിന്റെ അനന്തമായ ടൂറിസം സാദ്ധ്യതകൾ മുന്നിൽക്കണ്ട് സമഗ്രവും ആസൂത്രിതവുമായ വികസന പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ചുവരുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ടൂറിസം മേഖലകളുടെ സംരക്ഷണവും പരിപാലനവും, ടൂറിസം ഉൽപ്പന്നങ്ങളുടെ അന്താരാഷ്ട്ര തലത്തിലുള്ള ആസൂത്രിതമായ വിപണനം, പൈതൃക സംരക്ഷണം എന്നിവയെല്ലാം ടൂറിസം മേഖലയുടെ സമഗ്രമായ വിപുലീകരണത്തിന് ഉദ്ദേശിച്ചുകൊണ്ടുള്ളവയാണ്.

(ബി) ഉണ്ട്. ടൂറിസം വകുപ്പ് കഴിഞ്ഞ കുറെ വർഷങ്ങളായി വിവര സാങ്കേതിക വിദ്യയുടെ വിവിധ ആശയങ്ങളായ വെബ്സൈറ്റ്, മൾട്ടിമീഡിയ സിഡികൾ എന്നിവ ടൂറിസം പ്രചരണത്തിനും വികസനത്തിനുമായി ഉപയോഗിച്ചുവരുന്നു.

ടൂറിസം വികസന പദ്ധതികൾ

34 [710] ശ്രീ. എ. എൻ. രാജൻ ബാബു:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ:
,, ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ടൂറിസം മേഖലയുടെ വികസനത്തിന് സർക്കാർ നടപ്പാക്കി ക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാവി പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ടൂറിസം വികസനത്തിനുവേണ്ടി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(i) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.
(ii) പുതിയ ടൂറിസം കേന്ദ്രങ്ങളെ കണ്ടെത്തി വികസിപ്പിക്കൽ.
(iii) ടൂറിസം കേന്ദ്രങ്ങളുടെ രൂപീകരണം.
(iv) ടൂറിസം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കൽ.
(v) പുതിയ ടൂറിസം ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കൽ.
(vi) തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനം.
(vii) പൈതൃക സംരക്ഷണവും പരിപാലനവും.

(ബി) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും പ്രകൃതിയുടെയും സംസ്ക്കാരത്തിന്റെയും സംരക്ഷണത്തിനും മുൻഗണന നൽകി ക്കൊണ്ടുള്ള വികസനമാണ് സർക്കാർ ഭാവിയിൽ ഉദ്ദേശിക്കുന്നത്. സ്വകാര്യ സംരംഭക രുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെയുള്ള പദ്ധതികൾക്ക് മുൻഗണന നൽകുന്നതിനും ഉദ്ദേശിക്കുന്നു. വഴിയോരം, ഫാം ടൂറിസം, എന്റെ ഗ്രാമം സൗഹൃദ ഗ്രാമം പദ്ധതി, എക്കോ ടൂറിസം പദ്ധതികൾ എന്നിവ പുതിയ പദ്ധതികളിൽ ചിലതാണ്.

LIBRARY ARCHIVES Kerala Legislative Assembly